# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷന്
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം

നമ്പർ. 1266/R1/2022/KDRB തീയതി : 20.10.2023

## <u>അറിയിപ്പ്</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ **വാച്ചർ ( കാറ്റഗറി നമ്പർ : 24/2022)** തസ്തികയുടെ 19.10.2023-ൽ പ്രസിദ്ധീകരിച്ച സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് **06.11.2023, 07.11.2023 , 08.11.2023 , 09.11.2023 , 10.11.2023** എന്നീ തീയതികളിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ തിരുവനന്തപുരം ആയുർവേദ കോളേജ് ജംഗ്ഷനിലുള്ള ഓഫീസിൽ വച്ച് നടത്തുന്ന സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട അറിയിപ്പ്:-

**I. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് താഴെ പറയുന്ന അസ്സൽ പ്രമാണങ്ങളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി നേരിട്ട് ഹാജരാകേണ്ടതാണ്.**

1. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

2. വിദ്യാഭ്യാസ യോഗ്യത ( പത്താം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ).

3. കമ്പ്യൂട്ടർ പരിജ്ഞാനം സംബന്ധിച്ച സത്യവാങ്മൂലം ഉദ്യോഗാർത്ഥി ഹാജരാക്കേണ്ടതാണ്. **(സത്യവാങ്മൂലത്തിന്റെ <u>മാതൃക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ DOWNLOADS എന്ന സെക്ഷനിൽ FORMS എന്ന ഭാഗത്ത് ലഭ്യമാണ്.</u>**

4. ശാരീരിക ക്ഷമത തെളിയിക്കുന്നതിന് **G.O. (P) No. 20/2011/P&ARD dated 30/06/2011** പ്രകാരം അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസറിൽ നിന്നുള്ള **PHYSICAL FITNESS CERTIFICATE** ഹാജരാക്കേണ്ടതാണ്.

5. തിരിച്ചറിയൽ രേഖയും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും (ആധാർ കാർഡ്, വോട്ടേഴ്സ് ഐ.ഡി.കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് തുടങ്ങിയ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ചിട്ടുള്ള 16 ഇനങ്ങളിൽ ഒന്ന് ) **അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന വിലാസം തെളിയിക്കുന്നതിനുള്ള തിരിച്ചറിയൽ രേഖ കൈവശമില്ലാത്ത പക്ഷം ആയത് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ / ഗസറ്റഡ് ഓഫീസർ നൽകുന്ന ONE AND SAME CERTIFICATE** ഹാജരാക്കേണ്ടതാണ്.

6. സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗമാണെങ്കിൽ ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ 2 **പകർപ്പും.**

7. ജാതി സംവരണത്തിന് അർഹതയുള്ള മറ്റ് പിന്നാക്ക ജാതിയിലെ/സമുദായത്തിലെ അംഗമാണെങ്കിൽ 26.09.2009ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരമുളള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് (NCLC) (FOR EMPLOYMENT UNDER STATE GOVERNMENT).

8. ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നയാളാണെങ്കിൽ (Economically Weaker Sections) 18.11.2019ലെ **GO (P) 79/2019/RD** പ്രകാരം വില്ലേജ് ഓഫീസർ നൽകുന്ന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന നിയമനങ്ങൾക്കായുള്ള സർട്ടിഫിക്കറ്റ്. ( EWS സർട്ടിഫിക്കറ്റിന്റെ മാതൃക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ DOWNLOADS എന്ന സെക്ഷനിൽ FORMS എന്ന ഭാഗത്ത് ലഭ്യമാണ് ).

9. സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതായ തങ്ങളുടെ ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് / EWS സർട്ടിഫിക്കറ്റ് ഇവയുടെ അസ്സൽ ഹാജരാക്കാത്തപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ഇവരെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

10. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, സമുദായം, മറ്റ് ആനുകൂല്യങ്ങൾ ഇവ തെളിയിക്കുന്ന പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് കൂടി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

11. മതം / ജാതി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത പത്താം ക്ലാസ് സർട്ടിഫിക്കറ്റുകൾ (ICSE/ CBSE മുതലായവ) ഹാജരാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികൾ വില്ലേജ് ആഫീസറിൽ നിന്നുള്ള മതം/ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

12. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ദിവസം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും സഹിതം നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ യാതൊരു കാരണവശാലും സമയം നീട്ടി നൽകുന്നതല്ല.

13. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് നിശ്ചയിച്ചിട്ടുള്ള തീയതി മാറ്റിനൽകുകയോ, പ്രമാണങ്ങൾ ഹാജരാക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകുകയോ ചെയ്യുന്നതല്ല.

കുറിപ്പ്:–

1. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സംബന്ധിച്ച ഈ അറിയിപ്പ് അന്തിമമാണ്. ഇത് സംബന്ധിച്ച് മറ്റ് കത്തിടപാടുകൾ നടത്തുന്നതല്ല.

2. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച തിരിച്ചറിയൽ രേഖകളുടെ വിശദവിവരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in)ലഭ്യമാണ്.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്